## 903

സീയോനേ നീ ഉണർന്നെഴുന്നേൽക്കുക
ശാലേം രാജനിതാ വരുവാറായ് ശീലഗുണമുള്ള സ്നേഹസ്വരൂപൻ
ആകാശമേഘത്തിൽ എഴുന്നള്ളി വരുമേ

1 അന്ത്യസമയങ്ങൾ അടുത്തുപോയ് പ്രിയരേ!
സ്വന്തമെന്നേശുവെ സാക്ഷിക്കുവിൻ അന്ധകാരപ്രഭു വെളിപ്പെടുംമുമ്പേ
സന്തോഷരാജ്യത്തിൽ ചേർന്നിടുമേ നാം-

2 ഭൂമണ്ഡലങ്ങൾ ഉലഞ്ഞിളകിടുന്നു വാനങ്ങൾ ആകവേ നടുങ്ങിടുന്നു
പ്രേമമറ്റുള്ള നിൻസാധുക്കൾ കരളിൽ ഖേദം പൂ   ങ്ങിങ്ങു വീണുഴലുന്നു

3 സൈന്യത്തിൻ ശക്തിയാൽ രാജ്യങ്ങൾ ആകവേ
തകർന്നുടഞ്ഞിടുന്നു ദിനംദിനമായ് സൈന്യത്തിൻ ശക്തിയാൽ
ഒന്നിലുമല്ലേ ആത്മബലത്താൽ ജയം നേടുക നാം-

4 തിരുസഭയേ! നിൻദീപങ്ങളെന്നുമേ സൂര്യപ്രഭപോൽ വിളങ്ങിടട്ടെ
മഹിതൻ തൻതേജസ്സിൽ എഴുന്നള്ളി വരുമ്പോൾ
ഉടലോടെ പ്രിയനെ എതിരേൽപ്പാൻ പോകാം-